**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളി നഗരസഭയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജിയാസ്.കെ. - ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2882/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.11.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.09.2016 തീയതിയിലെ ഇ 26(എസ്.സി 29/2015/കെകെഡി) 20530/2016/യുഎ നം. കത്ത്

2.സർക്കാരിന്റെ 01.03.2017 തീയതിയിലെ ഇയു2/305/16/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ.ജിയാസ്.കെ സമർപ്പിച്ച 30.05.2017 തീയതിയിലെ പ്രതിവാദപത്രിക

4. നഗരകാര്യഡയറക്ടറുടെ 21.03.2018 തീയതിയിലെ വി2-6529/17 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊടുവള്ളി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 'ഓപ്പറേഷൻ കിച്ചടി' എന്ന പേരിൽ 30.12.2015 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ 56 ബിൽഡിംഗ് പെർമിറ്റ് യഥാസമയം അയച്ചു കൊടുക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ നഗരസഭയിലെ എൽ.ഡി.ക്ലാർക്ക് ശ്രീ. ജിയാസ്.കെ. എന്ന ജീവനക്കാരന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് പരാമർശം 3 പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

2. ശ്രീ. ജിയാസ്.കെ. സമർപ്പിച്ച മറുപടി പ്രകാരം കൊടുവള്ളി നഗരസഭയിൽ ബി 2 സെക്ഷന്റെ ചുമതലയുണ്ടായിരുന്നതോടൊപ്പം 2015 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾകൂടി ഏൽപ്പിക്കപ്പെട്ടുവെന്നും പിന്നീട് ബി 3 സെക്ഷനിലെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച് ചുമതല കൂടി ഏൽപ്പിക്കപ്പെട്ടിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. ടിയാൻ ചുമതല ഏറ്റെടുക്കുന്നതിന് മുമ്പേ ലഭിച്ച അപേക്ഷയും വിജിലൻസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ബിൽഡിംഗ് പെർമിറ്റിന് ഫീസടവാക്കാത്തതിനാൽ പെർമിറ്റ് നൽകാതിരുന്ന ഫയലുകളും വിജിലൻസ് റിപ്പോർട്ടിൽപ്പെടുത്തിയിട്ടുണ്ടെന്നും ടിയാൻ വിശദീകരിക്കുന്നുണ്ട്. പെർമിറ്റ്

ഫീസ് അടവാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകിയെന്നും ടിയാൻ പറയുന്നു. അമിതമായ ജോലി ഭാരം കാരണവും അടിയന്തിര പ്രാധാന്യത്തോടെ തീർക്കേണ്ട ഇലക്ഷൻ നടപടികളുണ്ടായിരുന്നതിനാലും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു.

3. ശ്രീ. ജിയാസ്.കെ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ട് പ്രകാരം വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്തിയതും കുറ്റാരോപണ മെമ്മോയിൽ ആരോപിക്കുന്നതും ബിൽഡിംഗ് പെർമിറ്റുകൾ അയയ്ക്കുന്നതിൽ ശ്രീ.ജിയാസിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നാൽ പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്ന് സെക്രട്ടറി നോട്ട് ഫയലിൽ ഉത്തരവായെങ്കിലും ഫീസടവാക്കാൻ അറിയിപ്പ് നൽകുന്നതിലാണ് ശ്രീ. ജിയാസിന്റെ ഭാഗത്ത് വീഴ്ച വന്നത് എന്നാണ് പരിശോധനയിൽ കാണുന്നത് എന്നും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ച ഫയലുകളിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിച്ചവരിൽ എല്ലാവർക്കും രേഖാമൂലം നോട്ടീസ് നൽകി ഫീസ് അടവാക്കാൻ അറിയിപ്പ് നൽകിയതായി കാണുന്നില്ല എന്നും ബി 2/8123/15-16, ബി 2/21032/15-16, ബി 2/7634/15-16, ബി 2/8258/15-16, ബി 2/6358/15-16, ബി 2/378/15-16, ബി 2/6651/15-16, ബി 2/4463/15-16 എന്നീ ഫയലുകളിൽ അപേക്ഷകൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയതായി കണ്ടെത്താൻ സാധിച്ചില്ല എന്നും ബി 2/1111/15-16, ബി 2/7046/15-16, ബി 2/6667/15-16, ബി 2/111/15-16 തുടങ്ങിയ ഫയലുകളിൽ അപേക്ഷകർക്ക് ഫീസടവാക്കാൻ അറിയിപ്പ് നൽകിയതിന്റെ കാർബൺ കോപ്പി കാണുന്നുവെങ്കിലും ടി അറിയിപ്പ്നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലായെന്നും അയച്ച തീയതിയും ലഭ്യമല്ലായെന്നും അറിയിച്ചിരുന്നു. ബി 2/1596/15-16, ബി 2/7104/15-16, ബി 2/7012/15-16, ബി 2/7429/15-16 തുടങ്ങിയ ഫയലുകളിൽ വിജിലൻസ് പരിശോധനാ തീയതിയ്ക്ക് ശേഷം അറിയിപ്പ് നൽകിയതായും കാണുന്നു . പിന്നീട് ടി ഫയലുകളിൽ പലതിലും തുടർ നടപടി സ്വീകരിക്കുകയും പെർമിറ്റ് അനുവദിച്ചതായും ചെയ്തിട്ടുണ്ട് , എന്നാൽ വിജിലൻസ് പരിശോധനാ വേളയിൽ അധികൃതർ കണ്ടെത്തിയ ഫയലുകളിൽ ചട്ടപ്രകാരം അറിയിപ്പ് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നുണ്ട് . കൊടുവള്ളി ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് സെക്രട്ടറിയുടെ 16.02.2015 തീയിയിലെ 06/2015 നമ്പർ ഉത്തരവ് പ്രകാരം ബി 3 സെക്ഷന്റെ ചുമതല ശ്രീ. ജിയാസിന് നൽകിയിരുന്നു . 03.07.2015 തീയതിയിൽ തിരഞ്ഞെടുപ്പ് ചുമതലയും പിന്നീട് 17.08.2015 തീയതിയിൽ ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച ചുമതലയും ശ്രീ. ജിയാസിന് നൽകിയതായി കാണുന്നുണ്ടെന്നും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. കൂടാതെ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരനായ ശ്രീ. ജിയാസ് കെ.എ. കൊടുവള്ളി നഗരസഭയിൽ നിന്നും പഞ്ചായത്ത് വകുപ്പിലേയ്ക്ക് സ്ഥലം മാറിപ്പോയിട്ടുള്ളതാണ് എന്ന് നഗരകാര്യ ഡയറക്ടർ അറിയിക്കുന്നു. കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിച്ചവരിൽ എല്ലാവർക്കും രേഖാമൂലം നോട്ടീസ് നൽകി ഫീസ് അടവാക്കാൻ അറിയിപ്പ് നൽകുന്നതിൽ ശ്രീ. ജിയാസിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെങ്കിലും ടിയാന്റെ അപേക്ഷയും ടിയാൻ നഗരകാര്യ

വകുപ്പിൽ നിന്നും സ്ഥലം മാറിപ്പോയിട്ടുള്ളതാണെന്ന വസ്തുതയും പരിഗണിച്ച് ശ്രീ. ജിയാസിനെതിരായ അച്ചടക്ക നടപടികൾ താക്കീത് നൽകി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോ, പ്രതിവാദ പത്രിക, റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ വിജിലൻസ് പരിശോധനാ വേളയിൽ അധികൃതർ കണ്ടെത്തിയ ഫയലുകളിൽ ചട്ടപ്രകാരം അറിയിപ്പ് നൽകുന്നതിൽ ശ്രീ. ജിയാസ് കെ.എ. യുടെ ഭാഗത്ത് വീഴ്ച വന്നതായി കാണുന്നുണ്ട്. മേൽ സാഹചര്യത്തിൽ കൊടുവള്ളി നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ. ജിയാസ്. കെ.എ- യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി, ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെയല്ലാതെ രണ്ടു വർഷത്തേക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ. ജിയാസ്. കെ,എ, എൽ.ഡി.ക്ലാർക്ക്, കൊടുവള്ളി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ